വേണ്ട പരിചരണം ലഭിക്കുന്നില്ലായെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

(ബി) തിരുവനന്തപുരം ഗവൺമെന്റ് മെഡിക്കൽ കോളേജ് ആശുപത്രിയുടേ തുൾപ്പെടെ അത്യാഹിത വിഭാഗങ്ങളിൽ മതിയായ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ; വിശദമാക്കുമോ ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) :

(എ & ബി) ഉണ്ട്. സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളുമായി ബന്ധപ്പെട്ട് നിലവിൽ കാഷ്വാലിറ്റി വിഭാഗം പ്രവർത്തിച്ചുവരുന്നുണ്ട്. എന്നാൽ ചില അവസരങ്ങളിൽ മൃതപ്രായരായി കാഷ്വാലിറ്റിയിലെത്തുന്ന രോഗികൾക്ക് ഐ.സി.യു. ഉൾപ്പെടെ ജീവൻ നിലനിർത്തുന്നതിനുള്ള അടിയന്തരസഹായം ലഭ്യമാക്കുന്നതിന് കാലതാമസം നേരിടുന്നുണ്ട്. പ്രസ്തുത പ്രശ്നത്തിനുള്ള ശാശ്വത പരിഹാരമായാണ് എല്ലാ സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളിലെയും കാഷ്വാലിറ്റി വിഭാഗവുമായി ബന്ധപ്പെടുത്തി എമർജൻസി ആന്റ് ക്രിട്ടിക്കൽ കെയർ മെഡിസിൻ വിഭാഗം വിഭാവന ചെയ്തിട്ടുള്ളത്. പ്രസ്തുത വിഭാഗവുമായി ബന്ധപ്പെട്ട് മൾട്ടി ഡിസിപ്ലിനറി ഐ.സി.യു.വും തുടങ്ങുവാൻ ഉദ്ദേശിക്കുന്നുണ്ട്. ഇത് തുടങ്ങുന്നതോടുകൂടി അത്യാസന്നനിലയിൽ അത്യാഹിത വിഭാഗത്തിലെത്തുന്ന രോഗികൾക്ക് വെന്റിലേറ്റർ ഉൾപ്പെടെ അടിയന്തര ജീവൻരക്ഷാ ഉപാധികൾ നൽകി ഐ.സി.യു.-വിൽ എത്തിക്കാൻ കഴിയും. ഇതിനുശേഷം ക്രിട്ടിക്കൽ കെയർ മെഡിസിൻ വിഭാഗം ഡോക്ടർമാർ പരിശോധന നടത്തി, ജീവൻ നിലനിർത്തുന്നതിനുള്ള അടിയന്തര ചികിത്സകൾ നൽകിയശേഷം പ്രസ്തുത രോഗിയെ ബന്ധപ്പെട്ട വിഭാഗത്തിലേയ്ക്ക് മാറ്റുന്നതാണ്. തിരുവനന്തപുരം ഗവൺമെന്റ് മെഡിക്കൽ കോളേജിലെ പുതിയ കാഷ്വാലിറ്റിയുടെ നിർമ്മാണം പുരോഗമിച്ചുവരുന്നു.

സാന്ത്വന ചികിത്സാ സംവിധാനങ്ങൾ

25 (*805) ശ്രീ. രാജു എബ്രഹാം :
ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :
ശ്രീ. പി. ശ്രീരാമകൃഷ്ണൻ :
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) സാന്ത്വന ചികിത്സയ്ക്കായി സർക്കാർ ആശുപത്രികളിൽ ഒരുക്കിയിട്ടുള്ള സംവിധാനങ്ങളെക്കുറിച്ച് വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) നിലവിലുള്ള സംവിധാനത്തിന്റെ പോരായ്മയെക്കുറിച്ച് അന്വേഷിച്ച് റിപ്പോർട്ടുനൽകണമെന്ന മനുഷ്യാവകാശകമ്മീഷന്റെ നിർദ്ദേശാനുസരണം അന്വേഷണം നടത്തിയോ ; വിശദാംശം അറിയിക്കുമോ ;

(സി) ഈ രംഗത്തുള്ള പ്രധാന പ്രശ്നം എന്താണെന്നും അത് പരിഹരിക്കാനായി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികളും അറിയിക്കുമോ ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (<u>ശ്രീ. വി. എസ്. ശിവകുമാർ</u>):

(എ) കേരളത്തിൽ സാന്ത്വന ചികിത്സാ പദ്ധതി മൂന്ന് ഘട്ടങ്ങളിലാണ് നടത്തിവരുന്നത്. ഭവന സന്ദർശനം നടത്തി, ശയ്യാവലംബരായ രോഗികളെ പരിചരിക്കുന്നതിന് സജ്ജീകരിച്ചിട്ടുള്ള ഹോം കെയർ പദ്ധതി പ്രകാരം എല്ലാ പ്രാഥമിക-സാമൂഹിക ആരോഗ്യ കേന്ദ്രങ്ങൾ കേന്ദ്രീകരിച്ച് സാന്ത്വന ചികിത്സാ യൂണിറ്റ് ആരംഭിച്ചിട്ടുള്ളതും തദ്ദേശസ്വയംഭരണ വകുപ്പുവഴി പാലിയേറ്റീവ് കെയർ നഴ്സുമാരെ വിന്യസിച്ചിട്ടുള്ളതുമാണ്. താലൂക്ക് ജില്ലാ ആശുപത്രികളിൽ സാന്ത്വന ചികിത്സയുടെ ഭാഗമായി സെക്കന്ററി കെയർ ഇന്ന് 95 ആശുപത്രികളിൽ ലഭ്യമാണ്. ഈ ആശുപത്രികളിൽ ഹോംകെയറിനൊപ്പം വിദഗ്ധ ചികിത്സയും കിടത്തി ചികിത്സയും ആവശ്യമുള്ള രോഗികൾക്കായി പാലിയേറ്റീവ് കെയർ ക്ലിനിക്കുകളും പ്രവർത്തിച്ചുവരുന്നു. പാലിയേറ്റീവ് കെയർ നഴ്സിന്റെയും ഡോക്ടർമാരുടെയും സേവനം ഉറപ്പുവരുത്തുന്നതോടൊപ്പം ലൈസൻസ് ലഭിച്ച സ്ഥാപനങ്ങളിൽ വേദന സംഹാരിയായ മോർഫിൻ ചികിത്സയും നൽകിവരുന്നു. ഇതിനുപുറമെ വീൽ ചെയർ, ക്രച്ചസ്, കോർസെറ്റ്, വാക്കിംഗ് സ്റ്റിക്ക് തുടങ്ങിയ ഉപകരണങ്ങളും വിതരണം ചെയ്യുന്നു. ടെർഷ്യറി കെയറിൽ സാന്ത്വന ചികിത്സയുടെ ഭാഗമായി ട്രെയിനിംഗും മറ്റ് അനുബന്ധ പ്രവർത്തനങ്ങളും നടത്തുന്നു. ഹോമിയോപ്പതി വകുപ്പിൽ മലപ്പുറം ജില്ലയിലെ വണ്ടൂർ പഞ്ചായത്തിൽ ക്യാൻസർ പരിചരണത്തിനും സാന്ത്വന ചികിത്സയ്ക്കുമായി ഒരു സാന്ത്വന പരിചരണ കേന്ദ്രം (ചേതന) പ്രവർത്തിച്ചുവരുന്നു.

ഭാരതീയ ചികിത്സാ വകുപ്പിൽ ഇടുക്കി ജില്ലാ പഞ്ചായത്തിന്റെ സഹകരണത്തോടെ ജില്ലാ ആയുർവ്വേദ ആശുപത്രിയിൽ സാന്ത്വനം എന്ന പേരിൽ ആയുർവ്വേദ പാലിയേറ്റീവ് കെയർ പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്.

(ബി) മനുഷ്യാവകാശ കമ്മീഷന്റെ നിർദ്ദേശാനുസരണം പ്രാഥമിക അന്വേഷണം നടത്തിയിട്ടുണ്ട്. സംസ്ഥാനത്ത് എല്ലാ ഗവൺമെന്റ് മെഡിക്കൽ കോളേജുകളിലും

LIBRARY ARCHIVES Kerala Legislative Assembly

മോർഫിൻ ചികിത്സ നൽകിവരുന്നു. ആരോഗ്യവകുപ്പിന് കീഴിൽ ഏകദേശം നാൽപ്പതോളം സ്ഥാപനങ്ങൾക്ക് മോർഫിൻ ലൈസൻസ് ലഭിച്ചിട്ടുണ്ട്. കൂടുതൽ സ്ഥാപനങ്ങൾക്കുകൂടി ആയത് ലഭ്യമാക്കാനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ഇപ്പോൾ ഒരു ജില്ലയിൽ ജില്ലാ ആശുപത്രി ഉൾപ്പെടെ കുറഞ്ഞത് മൂന്ന് സ്ഥാപനങ്ങളിലെങ്കിലും മോർഫിൻ ലഭ്യമാണ്. സെക്കന്ററി കെയർ ആശുപത്രികളിൽ 117 സ്റ്റാഫ് നഴ്സുമാരെ NHM-ൽ നിന്നും വിന്യസിച്ചിട്ടുണ്ട്. പ്രതിമാസം 2500-ലേറെ രോഗികൾക്ക് ഇതിന്റെ സേവനം ലഭ്യമായി വരുന്നു. ആരോഗ്യ വകുപ്പിന് കീഴിലുള്ള 200-ഓളം ഡോക്ടർമാർ പാലിയേറ്റീവ് കെയർ ബേസിക് സർട്ടിഫിക്കറ്റ് നേടിയിട്ടുണ്ട്.

(സി) സാന്ത്വന ചികിത്സാരംഗത്ത് ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളം ബഹുദൂരം മുന്നിലാണെങ്കിലും ഇതിന്റെ സുഗമമായ നടത്തിപ്പിന് വിഘാതമായി വരുന്ന നിരവധി പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പഞ്ചായത്ത് തലത്തിൽ നൽകിവരുന്ന സേവനങ്ങളുടെ ഗുണനിലവാരം, കോർപ്പറേഷൻ, മുനിസിപ്പാലിറ്റി പ്രദേശങ്ങളിൽ പാലിയേറ്റിവ് കെയർ യൂണിറ്റുകൾ തുടങ്ങുന്നതിനുള്ള പ്രായോഗിക ബുദ്ധിമുട്ടുകൾ, മോർഫിൻ ലൈസൻസ് താഴേത്തട്ടിലുള്ള ആശുപത്രികളിൽ നൽകുന്നതിനുള്ള സാങ്കേതികത്വം, സന്നദ്ധരായ ഡോക്ടർമാരുൾപ്പെടെയുള്ള ആരോഗ്യ പ്രവർത്തകരുടെ കുറവ്, മറ്റ് വകുപ്പുകളുടെ പങ്കാളിത്തക്കുറവ് തുടങ്ങിയ പോരായ്മകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ വിവിധ വകുപ്പുകളുടെ സഹകരണത്തോടെ നടപ്പിലാക്കാൻ പദ്ധതികൾ ആസൂത്രണം ചെയ്തുവരുന്നു.

പമ്പ, അച്ചൻകോവിൽ, വൈപ്പാർ നദിസംയോജനം

26 (*806) <u>ശ്രീമതി ജമീലാ പ്രകാശം</u> :
<u>ശ്രീ. സി. കെ. നാണു</u> :
<u>ശ്രീ. മാത്യു റ്റി. തോമസ്</u> :
<u>ശ്രീ. ജോസ് തെറ്റയിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) പമ്പ, അച്ചൻകോവിൽ, വൈപ്പാർ അടക്കമുള്ള നദികളുടെ സംയോജനത്തിന് സുപ്രീം കോടതിയിൽനിന്ന് എന്തെങ്കിലും നിർദ്ദേശം ഉള്ളതായി അറിയാൻ കഴിഞ്ഞിട്ടുണ്ടോ ;

(ബി) എങ്കിൽ എന്താണ് പ്രസ്തുത നിർദ്ദേശമെന്നും ആയത് എന്നാണ് നൽകിയെന്നും അറിയിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly